

# യഥാർത്ഥ ക്രിസ്തീയ ചൈതന്യം

(ലൂക്കാ 6:27 – 36; 1 കൊറി 9:19 – 27; നിയമാ. 1:16 – 18; ഏശയ്യാ 1:10 – 20)

ബ്രദർ അരുൺ പറഞ്ഞാട്ട് MCBS

Vol. 10, Issue: 61

ദിവ്യകാരുണ്യ ഈശോയിൽ എത്രയും സ്നേഹം നിറഞ്ഞ,

“അമാനുഷിക കാര്യങ്ങൾ ചെയ്യുന്നതിലല്ല, മാനുഷിക കാര്യങ്ങൾ ചെയ്യുന്നതിലൂടെയാണ് നിങ്ങൾ യഥാർത്ഥ സൂപ്പർ ഹീറോസ് ആയിത്തീരുന്നത്.” കൊറോണ വൈറസിനെപ്പറ്റിയുള്ള ബോധവത്ക്കരണത്തിന്റെ ഭാഗമായി സിനിമാപ്രവർത്തകരുടെ സംഘടനയായ FEFKA -യുടെ പരസ്യചിത്രത്തിലെ ഒരു വാചകമാണിത്.

ഇന്നത്തെ സുവിശേഷത്തിലും ഈശോ പറഞ്ഞുവയ്ക്കുന്നത് ഈയൊരു കാര്യം തന്നെയാണ്. മാനുഷിക കാര്യങ്ങൾ ചെയ്തുകൊണ്ട് എങ്ങനെ നമുക്ക് ദൈവതിരുമുമ്പിൽ സൂപ്പർ ഹീറോസ് ആയിത്തീരാൻ സാധിക്കും. അവിടുന്ന് പറയുന്നു: “മറ്റുള്ളവർ നിങ്ങളോട് എങ്ങനെ പെരുമാറണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവോ അങ്ങനെ തന്നെ നിങ്ങൾ അവരോടും പെരുമാറുവിൻ” (ലൂക്കാ 6:31). വിശുദ്ധ ഗ്രന്ഥ പണ്ഡിതന്മാർ ഈ തിരുവചനത്തെ വിശേഷിപ്പിക്കുന്നത് സ്നേഹത്തിന്റെ സുവർണ്ണനിയമം എന്നാണ് (The Golden Rule of Love). പല്ലിനു പകരം പല്ല്, കണ്ണിനു പകരം കണ്ണ് എന്ന പഴയനിയമ സംഹിതയ്ക്കു വിപരീതമായി ധാർമ്മികത നോക്കാതെ എല്ലാവരെയും ഒരുപോലെ അനുഗ്രഹിക്കുന്ന ദൈവീകരീതിയാണ് സുവർണ്ണനിയമത്തിന്റെ മാതൃക. സ്നേഹിക്കുന്നവരെയും ആദരിക്കുന്നവരെയും തിരിച്ച് സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യുന്നതല്ല ക്രൈസ്തവ ജീവിതശൈലി. മറിച്ച്, നമ്മെ ദ്രോഹിക്കുകയും മുറിപ്പെടുത്തുകയും ചെയ്യുന്നവരെ സ്നേഹം കൊണ്ട് കീഴടക്കുന്നതാണ് യഥാർത്ഥ ക്രിസ്തീയത. ദൈവകാരുണ്യത്തിന്റെ ഈ ഒരു മനോഭാവം ക്രിസ്തീയ ജീവിതശൈലിയാക്കാത്ത ഇസ്രായേൽ ജനതയെ നോക്കിയാണ് ഏശയ്യാ പ്രവാചകനിലൂടെ അവിടുന്ന് പറയുന്നത്: “നിങ്ങൾ കരങ്ങളുയർത്തുമ്പോൾ ഞാൻ നിങ്ങളിൽ നിന്ന് മുഖം മറയ്ക്കും. നിങ്ങൾ എത്ര പ്രാർത്ഥിച്ചാലും ഞാൻ കേൾക്കുകയില്ല. നിങ്ങളുടെ കരങ്ങൾ രക്ത

പങ്കിലമാണ്. നിങ്ങളെത്തന്നെ കഴുകിവൃത്തിയാക്കുവിൻ. നിങ്ങളുടെ ദുഷ്കർമ്മങ്ങൾ എന്റെ സന്നിധിയിൽ നിന്ന് നീക്കിക്കളയുവിൻ'' (1:15–16).

മറ്റുള്ളവർ നിങ്ങളോട് എങ്ങനെ പെരുമാറണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവോ അങ്ങനെ തന്നെ നിങ്ങൾ അവരോടും പെരുമാറുവിൻ – വി. ആഗസ്തീനോസ് ഈ തിരുവചനത്തെ വ്യാഖ്യാനിക്കുന്നത് ഇപ്രകാരമാണ്: ''ദൈവത്തോടും മറ്റുള്ളവരോടും നാം തെറ്റു ചെയ്യുമ്പോഴും ശത്രുത കാണിക്കുമ്പോഴും നമ്മെ ദൈവവും മറ്റുള്ളവരും സ്നേഹിക്കണമെന്നും നമ്മോട് നന്മയും കരുണയും കാണിക്കണമെന്നും നാം ആഗ്രഹിക്കുന്നു. അതുപോലെ, നമ്മെ ദ്രോഹിക്കുന്നവരോടുപോലും നാം നന്മയും കരുണയും പ്രദർശിപ്പിക്കണം.'' ശത്രുക്കളെ ശത്രുക്കളായി തിരിച്ചറിയുമ്പോഴും സ്നേഹിക്കാൻ കഴിയുക അത്ര നിസ്സാരമായ കാര്യമല്ല, ദൈവീകഭാവം തന്നെയാണ്.

മഹാകവി ടാഗോറിന്റെ ചിന്ത ഇവിടെ നമുക്ക് പ്രകാശമേകുന്നു. ''മഴു ചെന്ന് വൃക്ഷത്തോടു ചോദിച്ചു: നിന്റെ ശാഖകളിലൊന്ന് എനിക്കായി നീട്ടിത്തരാമോ? വൃക്ഷത്തിനു കാര്യം മനസ്സിലായി. തന്റെ ശാഖ കൊണ്ട് മഴുവിന് കൈയ്യിട്ട് ശക്തനാകണം, പിന്നെ എന്നെത്തന്നെ വെട്ടിയെടുക്കണം. വൃക്ഷം ഇത് മനസ്സിലാക്കിയെങ്കിലും തന്റെ ശിഖരം മഴുവിനായി നീട്ടിക്കൊടുത്തു.''

അപരൻ നമ്മെ വെറുക്കുമ്പോഴും നാം അവനെ സ്നേഹിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ ആ സ്നേഹത്തിന് നിസ്വാർത്ഥതയുടെ മാനം കൈവരും. സ്നേഹമോ കരുതലോ ഒന്നും കിട്ടില്ലെന്നറിഞ്ഞിട്ടും ഇഹലോകം വിട്ടുപോയവരോട് നാം കാണിക്കുന്ന സ്നേഹപ്രകടനങ്ങളും, കല്ലേറു മാത്രം തിരികെ ലഭിക്കുമെന്നറിഞ്ഞിട്ടും മാമ്പഴങ്ങൾ സമൃദ്ധമായി നൽകുന്ന മാവും ഈ നിസ്വാർത്ഥ സ്നേഹത്തിന്റെ രൂപത്തെയും ഭാവത്തെയും കൂടുതൽ വ്യക്തമാക്കിത്തരും.

എത്രമാത്രം വിഷമങ്ങളും വേദനകളും മറ്റുള്ളവരിൽ നിന്ന് നേരിട്ടാലും തിരികെ കാരുണ്യത്തിന്റെ മുഖം പ്രതിഫലിപ്പിക്കുന്നവർ ദൈവത്താൽ അനുഗ്രഹിക്കപ്പെട്ടിട്ടേയുള്ളൂ. പഴയനിയമത്തിലെ ജോസഫ് അതിന് ഉത്തമോദാഹരണമാണ്. തന്റെ സഹോദരങ്ങളിൽ നിന്ന് ഉപദ്രവമേൽക്കേണ്ടി വന്നപ്പോഴും ഈജിപ്തിലേയ്ക്ക് അടിമയായി പോകേണ്ടിവന്നപ്പോഴുമെല്ലാം ജോസഫിന് യാതൊരുവിധ നീരസവും തന്റെ സഹോദരങ്ങളോട് ഇല്ലായിരുന്നു. മരണക്കിടക്കയിൽ കിടന്നുകൊണ്ട് തന്റെ സഹോദരങ്ങളോട് ജോസഫ് പറയുന്നത് ഹൃദയസ്പർശിയായ വാക്കുകളാണ്. ''നിങ്ങൾ എനിക്ക് തിന്മ ചെയ്തു. പക്ഷേ, ദൈവം അത് നന്മയായി മാറ്റി. ഇന്ന് കാണുന്നതുപോലെ, അനേകം പേരുടെ ജീവൻ രക്ഷിക്കാൻ വേണ്ടിയാണ് അവിടുന്ന് അത് ചെയ്തത്'' (ഉൽ. 50:22). കാരുണ്യത്തിന്റെ ഹൃദയം പേറി ജീവിച്ച ഈ ജോസഫിന് തന്റെ മക്കളുടെ മൂന്നാം തലമുറയിലെ മക്കളെ കാണുവാനും അവരെ മടിയിൽ കിടത്തി ലാളിക്കാനും സാധിച്ചുവെന്ന് പറഞ്ഞുകൊണ്ടാണ് ഉൽപത്തി പുസ്തകം അവസാനിക്കുന്നത്.

ഒരു കരണത്തടിക്കുന്നവന് മറ്റേ കരണം കൂടി കാണിച്ചുകൊടുക്കുക, മേലങ്കിയെടുക്കുന്നവന് കുപ്പായം കൂടി കൊടുക്കുക... തുടങ്ങിയ കാര്യങ്ങൾ പറയുന്നത്ര എളുപ്പമല്ല പ്രവർത്തിയിൽ വരുമ്പോൾ എന്ന് നമുക്കറിയാം. അതുകൊണ്ടാണ് വി. പൗലോസ് ശ്ലീഹാ പറയുന്നത്: ''കായികാഭ്യാസികൾ നശ്വരമായ കിരീടത്തിനുവേണ്ടി ആത്മനിയന്ത്രണം പാലിക്കുന്നു, അതുപോലെ, അനശ്വരമായ കിരീടത്തിനുവേണ്ടിയാണ് നാം അദ്ധ്വാനിക്കുന്നതെന്ന ബോധ്യം നമുക്കുണ്ടായിരിക്കണമെന്ന്.''

ഒരു കരണത്തടിച്ചവന്റെ കൈ വെട്ടിയില്ലെങ്കിൽ, പട്ടി എന്നു വിളിച്ചവനെ മുതുപട്ടിയെന്നോ പേപ്പട്ടിയെന്നോ വിളിച്ചില്ലെങ്കിൽ ഒരു മനഃസുഖം തോന്നാത്തവരുടെ ഗണം ഈ കാലഘട്ടത്തിൽ വർദ്ധിക്കുമ്പോൾ ഞാൻ ഏതു ഗണത്തിൽപ്പെടുമെന്ന് ചിന്തിക്കാൻ ഇന്നത്തെ വചനം നമ്മെ സഹായിക്കട്ടെ.